**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5705** **24-03-2025 - ൽ മറുപടിയ്ക്ക്**

**ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളിൽ വരുത്തിയിട്ടുള്ള വൈവിധ്യവൽക്കരണം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (എ) | ഹരിത കർമ്മ സേനയുടെ പ്രവർത്തന വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി വിവിധ പരിപാടികളും സംരംഭ പ്രവർത്തനങ്ങളും നടപ്പിലാക്കിയിട്ടുണ്ട്. കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനുള്ള പരിശീലനങ്ങൾ, അധിക വരുമാന ഉറവിടങ്ങൾ സൃഷ്ടിക്കുന്നതിനായി ഇനോക്കുലം വിതരണം, കമ്പോസ്റ്റ് നിർമാണം, അലങ്കാര - പച്ചക്കറി ചെടി വളർത്തൽ, പൊതു-സ്വകാര്യപരിപാടികൾക്കാവശ്യമായ പാത്രങ്ങൾ, ഗ്ലാസുകൾ എന്നിവ വാടകക്ക് നൽകൽ, പൂന്തോട്ട പരിപാലന സേവനം തുടങ്ങി നിരവധി പ്രവർത്തനങ്ങൾ നടത്തി വരുന്നു. |
| (ബി) | ഹരിതകർമ്മ സേനാംഗങ്ങൾ ശേഖരിക്കുന്ന പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ ഫലപ്രദമായി സംസ്കരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (ബി) | ഹരിത കർമ്മസേന മുഖേന ശേഖരിക്കുന്ന അജൈവ മാലിന്യം ഉറവിടത്തിൽ തന്നെ തരംതിരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ സ്ഥാപിച്ചിട്ടുള്ള എം.സി.എഫ്., ആർ.ആർ.എഫ് കളിൽ എത്തിച്ച് അവയുടെ രണ്ടാം തരംതിരിവ് നടത്തി അവയുടെ മൂല്യത്തിനനുസരിച്ച് ക്ലീൻ കേരള കമ്പനി മുഖേനയോ അംഗീകൃത പ്രൈവറ്റ് ഏജൻസി മുഖേനയോ പുനരുപയോഗത്തിനായോ പുന:ചംക്രമണത്തിനായോ കൈമാറിവരുന്നു. പുന:ചംക്രമണത്തിന് സാധിക്കാത്ത പ്ലാസ്റ്റിക് മാലിന്യങ്ങൾ സിമന്റ് ഫാക്ടറികളിലെ ചൂളകളിൽ ഇന്ധനമായി ഉപയോഗിക്കുന്നതിനായി കൈമാറുന്നു. |

സെക്ഷൻ ഓഫീസർ